# OFFICE OF THE COCHIN DEVASWOM BOARD

**Round North, Thrissur – 680 001**
PH: 2331124, 2327028 FAX : 2335874, 2327029
E-mail. admin @cochindevaswomboard.org

No. A9. 2838/2022 Dated: 11/03/2022

## പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ നിന്ന് എല്ലാവരും അറിയുന്നതിനായി പ്രസിദ്ധപ്പെടുത്തുന്നത്.

തിരുവഞ്ചിക്കുളം ഗ്രൂപ്പ് ശ്രീകുരുംബ ഭഗവതി ക്ഷേത്രത്തിലെ 1197 എം.ഇ. മീനഭരണിയോടനുബന്ധിച്ച് (ടി കാലഘട്ടത്തിൽ മാത്രം) ക്ഷേത്രത്തിന്റെ വടക്കേ നടയിൽ ഇരുമ്പ് ഗേയ്റ്റിനടുത്ത് നടയുടെ കിഴക്കു ഭാഗത്ത് വെച്ച് ഭക്തജനങ്ങൾക്ക് വഴിപാടിനാവശ്യമുള്ള കോഴികളെ വിൽക്കുന്നതിനുള്ള സ്ഥലത്തിന്റെ അവകാശം കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ സീൽഡ് ടെണ്ടർ സ്വീകരിച്ച് അവകാശം ടെണ്ടർ ഏൽപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

ടെണ്ടറിൽ പങ്കെടുക്കാൻ ആഗ്രിക്കുന്നവർ സ്ഥലത്തും സമയത്തും ഹാജരാകേണ്ടതും ടെണ്ടറിനോടൊപ്പം നിരതദ്രവ്യമായി 20,000/- ക യുടെ ഡി.ഡി ദേവസ്വം കമ്മീഷണർ, കൊച്ചിൻ ദേവസ്വം ബോർഡ്, തൃശൂർ (തൃശൂരിൽ മാറാവുന്നത്) എന്ന പേരിൽ സമർപ്പിക്കേണ്ടതാണ്. ടെണ്ടറുകൾ 21/3/2022 പകൽ 11.00 മണി വരെ തപാൽ വഴിയും, നേരിട്ടും ഈ ഓഫീസിൽ സ്വീകരിക്കുന്നതാണ്. ടെണ്ടറുകൾ കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ വെച്ച് അന്നേ ദിവസം പകൽ 11.30 ന് തുറക്കുന്നതാണ്.

നിരതദ്രവ്യം സമർപ്പിക്കാത്ത ടെണ്ടറുകൾ നിരസിക്കുന്നതാണ്. ഏറ്റവും കൂടുതൽ സംഖ്യയ്ക്ക് ടെണ്ടർ സമർപ്പിച്ചിട്ടുള്ള വ്യക്തിയുടെ പേരിൽ ടെണ്ടർ ഉറപ്പിക്കുന്നതും ബഹു.ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി സംഖ്യ ശ്രീദേവസ്വത്തിൽ അടച്ച് രശീതി വാങ്ങേണ്ടതുമാണ്. ടെണ്ടർ കൊണ്ട വ്യക്തി ടി അവകാശം കൈമാറ്റം ചെയ്യുകയോ, കോഴികളെ വിൽക്കുന്ന സംഗതിയിൽ ആക്ഷേപത്തിന് ഇടവരുത്തുകയോ, കോഴികളെയല്ലാതെ യാതൊരു സാധനങ്ങളും വിൽപ്പന നടത്തുകയോ ചെയ്താൽ ടിയാന്റെ നിരതദ്രവ്യം സംഖ്യ പിഴയായി ദേവസ്വത്തിലേയ്ക്ക് മുതൽകൂട്ടി ടിയാന്റെ അവകാശം റദ്ദ് ചെയ്യുന്നതും ദേവസ്വത്തിന് യുക്തമെന്ന് തോന്നുന്ന മറ്റു നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ്. ടെണ്ടർ കവറിനു മുകളിൽ മീനഭരണി കോഴിസ്ഥലലേലം 2022 എന്നെഴുതേണ്ടതാണ്.

ഈ ലേലത്തെകുറിച്ച് കൂടുതൽ വിവരങ്ങൾ അറിയുവാൻ കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസ്, തിരുവഞ്ചിക്കുളം അസിസ്റ്റന്റ് കമ്മീഷണർ ഓഫീസ്, ശ്രീദേവസ്വം ഓഫീസ് എന്നിവിടങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

ബന്ധപ്പെടേണ്ട ഫോൺ നമ്പർ

| | |
|---|---|
| കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസ് | - 0487 - 2331124 |
| തിരുവഞ്ചിക്കുളം അസിസ്റ്റന്റ് കമ്മീഷണർ ഓഫീസ് | - 0480 - 2802446 |
| ശ്രീദേവസ്വം ഓഫീസ് | - 0480 - 2803061 |

ദേവസ്വം കമ്മീഷണർ
കൊച്ചിൻ ദേവസ്വം ബോർഡ്